**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 359** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പ്- ഏകീകൃത പൊതു സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത പൊതു സർവ്വീസിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അക്കൗണ്ടിംഗ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി ഏതൊക്കെ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളാണ് ഗ്രാമ ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കോർപറേഷനുകളിലും നിലവിലുള്ളത്; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചതിന് ശേഷം പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അക്കൗണ്ടിംഗ് കാര്യങ്ങൾ നിർവഹിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ പുതുതായി സോഫ്റ്റ് വെയറുകൾ വിന്യസിച്ചിട്ടില്ല. എന്നാൽ ഏകീകരണത്തിന് മുൻപ് വിവിധ വകുപ്പുകൾ വിന്യസിച്ചിരുന്ന സോഫ്റ്റ് വെയറുകൾ നിലവിലും ഉപയോഗിച്ചുവരുന്നു. |
| (ബി) | അർബൻ, റൂറൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ ഒരു പോലെ വിന്യസിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഏകീകൃത തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചതിന് ശേഷം പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അക്കൗണ്ടിംഗ് കാര്യങ്ങൾ നിർവഹിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ പുതുതായി സോഫ്റ്റ് വെയറുകൾ വിന്യസിച്ചിട്ടില്ല. എന്നാൽ ഏകീകരണത്തിന് മുൻപ് വിവിധ വകുപ്പുകൾ വിന്യസിച്ചിരുന്ന സോഫ്റ്റ് വെയറുകൾ നിലവിലും ഉപയോഗിച്ചുവരുന്നു. |
| (സി) | ഏകീകൃത പൊതു ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് അതാത് വകുപ്പുകളുടെ പ്രവർത്തന രീതി, സേവന പ്രദാന മാർഗ്ഗരീതി, അക്കൗണ്ടിംഗ് രീതികൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരിശീലനമോ, ഓറിയെന്റേഷനോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും സേവനത്തിലും പ്രതിസന്ധി സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇന്റർ ട്രാൻസ്ഫർ പോളിസിയിൽ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് കിലയുമായി (Kerala Institute of Local Administration) ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | വിവിധ വകുപ്പുകളിൽ നിന്നും പരസ്പരം സ്ഥലമാറ്റപ്പെട്ട ജീവനക്കാരുടെ ശമ്പളവിതരണം, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ കോൺട്രിബ്യൂഷൻ എന്നീ ഘടകങ്ങളിൽ | (ഡി) | ഈ വിഷയം സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരികയാണ്. സ്വീകരിക്കേണ്ട |

| | | | |
|---|---|---|---|
| | നിലനിൽക്കുന്ന അവ്യക്തതകളും അനോമലികളും പോരായ്മകളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ